"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ് 2025-26- " Responsible & Resilient Tourism Destinations 2025 - 26 (PART -2)-Kerala Responsible Tourism Mission Society 2025-26 " എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.357/2025/TSM തീയതി,തിരുവനന്തപുരം, 24-06-2025

---

പരാമർശം:-
1. സ.ഉ (കൈ) നം.03/2019/ടൂറിസം, തീയതി 30-05-2019.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 29-05-2025 തീയതിയിലെ DOT/1417/2025-P7 നമ്പർ കത്ത്.
3. 31-05-2025 തീയതിയിലെ വിനോദസഞ്ചാര വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പുകൾ.

**ഉത്തരവ്**

മൂന്നാറിലെ ആവാസവ്യവസ്ഥയെ സംരക്ഷിച്ച്, ടൂറിസം പ്രവർത്തനങ്ങൾ സുസ്ഥിരവും ഉത്തരവാദിത്ത പൂർണ്ണവുമാക്കുന്നതിനായി മൂന്നാറിനെ ഒരു നെറ്റ് സീറോ ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കേണ്ടതുണ്ട്. അതിനായി മുന്നാറിൽ വിവിധ റെസ്പോൺസിബിൾ ടൂറിസം പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കിക്കൊണ്ട് 2025 ഡിസംബർ മാസാവസാനത്തോടെ മൂന്നാറിനെ അടിയന്തിരമായി റെസ്പോൺസിബിൾ ടൂറിസം ഡെസ്റ്റിനേഷനായി, അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്കായി, Responsible & Resilient Tourism Destinations 2025 - 26 (PART -2)-Kerala Responsible Tourism Mission Society 2025-26 എന്ന പദ്ധതിയ്ക്ക് ₹50,00,000/- രൂപയുടെ ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച്, പദ്ധതി പ്രൊപ്പോസൽ പരാമർശം ( 2 ) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

2. പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു:-

| ക്രമ നം. | ഘടകങ്ങൾ | പ്രതീക്ഷിക്കുന്ന ചിലവ്(₹) |
|---|---|---|
| മൂന്നാർ ആർ ടി ഡെസ്റ്റിനേഷൻ പ്രഖ്യാപനവും പദ്ധതി പ്രവർത്തനങ്ങളും | | |
| 1 | മൂന്നാർ ആർ ടി സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റ് | 2,50,000 |
| 2 | ട്രെയിനിംഗ് സ്റ്റേക്ക് ഹോൾഡേഴ്സ് | 2,00,000 |
| 3 | ട്രെയിനിംഗ് ഓട്ടോ ടാക്സി ഡ്രൈവേഴ്സ് | 2,00,000 |
| 4 | ട്രെയിനിംഗ് ലോക്കൽ ഗൈഡ്സ് (കമ്മ്യൂണിറ്റി ടൂർ ലീഡേഴ്സ്) | 3,35,000 |
| 5 | സൈനേജസ് & ബോർഡ്സ് | 4,74,950 |
| 6 | ആർ ടി സർട്ടിഫിക്കറ്റ് - ഹോട്ടൽസ് & റിസോർട്ട്സ് | 2,50,000 |
| 7 | മൂന്നാർ ആർ ടി ബ്രൗഷർ | 4,00,000 |
| 8 | പ്ലാസ്റ്റിക് ഫ്രീ ഡെസ്റ്റിനേഷൻ | 4,88,520 |
| 9 | യൂണിറ്റ് രജിസ്ട്രേഷൻ ഡ്രൈവ് | 1,50,000 |
| 10 | വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജ് രൂപീകരണം | 3,10,357 |
| 11 | ഡെസ്റ്റിനേഷൻ ഡിക്ലറേഷൻ പ്രോഗ്രാം | 9,97,173 |
| 12 | വീഡിയോ ഡോക്യുമെന്റേഷൻ | 9,44,000 |
| **ആകെ തുക** | | **50,00,000** |
| **അൻപത് ലക്ഷം രൂപ മാത്രം** | | |

3. 31-05-2025-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം പരിഗണിക്കുകയും പദ്ധതി പ്രൊപ്പോസൽ ചില നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കുകയും ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.**Responsible & Resilient Tourism Destinations 2025 - 26 (PART -2)-Kerala Responsible Tourism Mission Society 2025-26** എന്ന പദ്ധതിയ്ക്ക് ചുവടെ ചേർക്കുന്ന നിബന്ധനയ്ക്ക് വിധേയമായി നടപ്പ് സാമ്പത്തിക വർഷത്തെ **3452-80-104-89-Responsible Tourism (Plan)** എന്ന ശീർഷകത്തിൽ നിന്നും ₹50,00,000/- ( **അൻപത് ലക്ഷം രൂപ മാത്രം**) രൂപ ചെലവഴിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

- **Individual components of the proposal shall be approved by KRTM Executive Committee.**

5. പ്രസ്തുത പദ്ധതി കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും, പദ്ധതിയുടെ നടത്തിപ്പിനായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ എല്ലാ നിബന്ധനകളും നിർബന്ധമായും പാലിയ്ക്കേണ്ടതും, പദ്ധതിച്ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതും, പദ്ധതി നടപ്പിലാക്കിയതിന് ശേഷമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി, പാർക്ക് വ്യൂ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ (എക് സ്പെൻഡിച്ചർ) വകുപ്പ്
പി.ഐ.ഇ.&എം. വകുപ്പ്
വിനോദസഞ്ചാര (എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/149/2025-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Moly Vijaya C S
Date: 25-06-2025 10:42:07
സെക്ഷൻ ഓഫീസർ

പകർപ്പ് :
1. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
3. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.